പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.669 05.06.2018-ലെ മറുപടിയ്ക്ക്

## കൊയിലാണ്ടി സ്റ്റേഡിയം നവീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ. ദാസൻ | | ശ്രീ.എ.സി.മൊയ്തീൻ<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | കോഴിക്കോട് ജില്ലാ സ്പോർട്സ് കൗൺസിലിന് പാട്ടത്തിന് നൽകിയ കൊയിലാണ്ടി സ്റ്റേഡിയത്തോടനുബന്ധിച്ചുള്ള കടമുറികളിൽ നിന്ന് കൗൺസിലിന് എത്ര രൂപ വാടക ലഭിക്കുന്നുണ്ടെന്ന് അറിയിക്കുമോ ; | (എ) | 2017-18 വർഷത്തിൽ 18% ജി.എസ്.ടി ഉൾപ്പെടെ 23,68,794/-രൂപ വാടകയിനത്തിൽ ലഭിച്ചിട്ടുണ്ട്. |
| (ബി) | സ്റ്റേഡിയം നവീകരണത്തിന് വേണ്ടി കൗൺസിൽ ഇതുവരെ ചെലവഴിച്ച തുക എത്ര എന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ ; | (ബി) | സ്റ്റേഡിയം നവീകരണത്തിന് വേണ്ടി സ്പോർട്സ് കൗൺസിൽ ആകെ 2,08,44,854/-രൂപ ചെലവഴിച്ചിട്ടുണ്ട്.<br>**ഇനം തിരിച്ചുള്ള വിവരം**<br>ഷോപ്പ് റൂം കൺസ്ട്രക്ഷന് - 1,96,89,854/-രൂപ<br>ഇലക്ട്രിക്കൽ ഫിറ്റിങ്ങ്സിന് - 4,40,000/-രൂപ<br>ഇന്റർലോക്കിംഗിന് - 7,15,000/-രൂപ |
| (സി) | സ്റ്റേഡിയം നവീകരണവുമായി ബന്ധപ്പെട്ട് പുതിയ ഏതെങ്കിലും പദ്ധതികൾ സ്പോർട്സ് കൗൺസിൽ തയ്യാറാക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (സി) | ശ്രീ.കെ.ദാസൻ, എം.എൽ.എ, കേരള സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് ശ്രീ.ടി.പി.ദാസൻ, കോഴിക്കോട് ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് ശ്രീ.കെ.ജെ.മത്തായി എന്നിവർ ഉൾപ്പെട്ട കമ്മിറ്റി കൊയിലാണ്ടി സ്റ്റേഡിയം നവീകരണത്തിനായി പുതിയ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.<br>സ്റ്റേഡിയത്തിന്റെ മുൻവശത്തിന്റെ എലിവേഷൻ മാറ്റി മനോഹരമാക്കുക, ചുറ്റുമതിലിൽ ലൈറ്റുകൾ സ്ഥാപിക്കുക, |

| | | | |
|---|---|---|---|
| | | | ഗെയിറ്റുകൾ മാറ്റി പുന:സ്ഥാപിക്കുക, സ്റ്റേഡിയത്തിന്റെ ഉൾഭാഗത്തുള്ള ഗ്രൗണ്ട് ഫുട്ബോൾ, അത്‌ലറ്റിക് മത്സരങ്ങൾക്ക് ഉപയോഗിക്കത്തക്ക രീതിയിൽ നവീകരിക്കുക, പുരുഷ വനിത കായിക താരങ്ങൾക്ക് പ്രത്യേകം ഡ്രസ്സിംഗ് റൂമുകൾ, ടോയിലറ്റുകൽ നിർമ്മിക്കുക എന്നിവയൊക്കെ ടി നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് വിശദമായ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിന് ഊരാളുങ്കൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ചുമതലപ്പെടുത്തിയിട്ടുള്ളതും എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് നവീകരണ പ്രവർത്തികൾ ആരംഭിക്കുന്നതുമാണ്. |

**സെക്ഷൻ ഓഫീസർ**